ങ്ങളിൽ 20 കിലോമീറ്റർ ദൂരത്ത് വൈദ്യുതി കമ്പിവേലി നിർമ്മിക്കുവാനും നിർദ്ദേശമുണ്ട്. ഉദ്ദേശം 30 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കേന്ദ്ര സഹായം ലഭിക്കുന്ന മുറയ്ക്ക് ജോലി തുടങ്ങുന്നതാണ്. കൂടാതെ കൊട്ടിയൂർ വില്ലേജിൽ ഏകദേശം 63 ഹെക്ടർ സ്ഥലം പൊന്നുംവിലയ്ക്കെടുത്ത് എലിഫെന്റ് കോറിഡോർ സൃഷ്ടിച്ച് കാട്ടാനകളുടെ സുഗമ സഞ്ചാരത്തിനായി പരിപാലിക്കുവാൻ ലക്ഷ്യമുണ്ട്. ഇതിനായി 96.28 ലക്ഷം രൂപ കണ്ണൂർ ജില്ലാകളക്ടർക്ക് കഴിഞ്ഞ വർഷംതന്നെ നൽകിക്കഴിഞ്ഞു. കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിലായി 1.84 ലക്ഷം രൂപ നഷ്ടപരിഹാരമായി കണ്ണൂർ ജില്ലയിൽ നൽകിയിട്ടുണ്ട്. പ്രതിരോധ നടപടികൾക്കും നഷ്ടപരിഹാരം നൽകുന്നതിനും എലിഫന്റ് കോറിഡോർ സൃഷ്ടിക്കുന്നതിനും മറ്റും വേണ്ട ഫണ്ട് ലഭ്യമാക്കുന്നതിന് കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നുണ്ട്.

(6) കേരള സംസ്ഥാന കരകൗശല അപ്പക്സ് സഹകരണ സംഘത്തിലെ അഴിമതികൾ

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, കേരള സംസ്ഥാന കരകൗശല അപ്പക്സ് സഹകരണസംഘം എച്ച്. 231 ന്റെ ഹെഡ് ഓഫീസ് എറണാകുളത്താണ്. ഈ സ്ഥാപനത്തിൽ വർഷങ്ങളായി നടന്നുവരുന്ന സാമ്പത്തിക ക്രമക്കേടുകളും അഴിമതിയും കാരണം ഈ സ്ഥാപനം തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഗവൺമെന്റു തന്നെ ചില അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. സെക്ഷൻ 65 അനുസരിച്ച് എൻക്വയറി അടക്കം, അതുപോലെതന്നെ വ്യവസായ വകുപ്പിന്റെ അഡീഷണൽ സെക്രട്ടറി അടക്കം അന്വേഷണം നടത്തിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ലക്ഷക്കണക്കിന് രൂപയുടെ ഗ്രാന്റും മറ്റു ധനസഹായങ്ങളും ലഭിക്കുന്നുണ്ട്. എങ്കിലും ലക്ഷക്കണക്കിന് വരുന്ന കരകൗശല തൊഴിലാളികൾക്ക് തൊഴിൽ ഭദ്രത ഉറപ്പുവരുത്തുവാനോ അവർക്ക് ക്ഷേമം ഉറപ്പുവരുത്തുവാനോ കഴിയുന്നില്ല. മാത്രമല്ല ലജനാവിനു വൻനഷ്ടവും നേരിടുന്നു. ഈ സ്ഥാപനത്തിലെ ഭരണസമിതിയുടെ അഴിമതി, ധൂർത്ത്, ക്രമക്കേടുകൾ എന്നിവ അവസാനിപ്പിച്ച് സ്ഥാപനത്തെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ വേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെടുത്തി ഇതിനു മുൻപും ഒട്ടേറെ പരാതികൾ ബന്ധപ്പെട്ട വകുപ്പിനും ഗവൺമെന്റിനും നൽകിയിട്ടുള്ളതാണ്. എന്നാൽ അതുമായി ബന്ധപ്പെട്ട് ആ നിലയ്ക്കുള്ള നടപടികളൊന്നുമുണ്ടായിട്ടില്ല. ഈ സ്ഥാപനത്തെ തകർച്ചയിൽനിന്നും രക്ഷിക്കുവാനാവശ്യമായ നടപടിയുണ്ടാകണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഇതു സംബന്ധിച്ച ഒരു കത്ത് ശ്രീ. ജോൺ ഫെർണാണ്ടസ്സിൽനിന്നും കിട്ടിയിരുന്നു. കത്തിൽ ഉന്നയിച്ച ആരോപണത്തിൻമേൽ ആദ്യം തന്നെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ സെക്ഷൻ 65 പ്രകാരം 1996-ൽ അന്വേഷണം നടത്തി. നിവേദനത്തിൽ പരാമർശിച്ചിരുന്ന ആരോപണങ്ങളെ സംബന്ധിച്ച് വിശദമായ അന്വേഷണം വീണ്ടും വ്യവസായ വാണിജ്യ ഡയറക്ടറെക്കൊണ്ട് നടത്തുകയുണ്ടായി. പുതിയ അംഗങ്ങളുടെ നിയമനം സംബന്ധിച്ചും അംഗത്വം നൽകുന്നതു സംബന്ധിച്ചും കമേർഷ്യൽ മാനേജരുടെ നിയമനം സംബന്ധിച്ചും മറ്റും ക്രമക്കേടുകൾ കണ്ടെത്തിയെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ ആരോപണങ്ങൾ തികച്ചും സാങ്കേതികമായിട്ടുള്ളവയാകയാൽ ഒരു സാങ്കേതിക വിദഗ്ദ്ധനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് അഡീഷണൽ ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ ശുപാർശ ചെയ്യുകയുണ്ടായി. ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ സുരഭിയുടെ ക്രമക്കേടുകളെക്കുറിച്ച് 'റിയാബി'നെക്കൊണ്ട് അന്വേഷിപ്പിക്കുകയും 'റിയാബി'ന്റെ വിശദമായ റിപ്പോർട്ട് സർക്കാരിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. 'റിയാബി'ന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സർക്കാർ സത്വര നടപടികൾ സ്വീകരിച്ചു വരികയാണ്.

(7) തളിപ്പറമ്പ് താലൂക്കാശുപത്രിയിൽ വിദഗ്ധ ചികിൽസാ സംവിധാനം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി.പി. ബാലൻ വൈദ്യർ)

ശ്രീ. എം.വി. ഗോവിന്ദൻമാസ്റ്റർ : സർ, തളിപ്പറമ്പ് താലൂക്കാശുപത്രി പരിയാരം മെഡിക്കൽ കോളേജിന്റെ ഭാഗമാക്കി മാറ്റുന്നതിന് ഗവൺമെന്റ് തീരുമാനിക്കുകയും കഴിഞ്ഞ ഒരു വർഷത്തിലധികമായി മെഡിക്കൽ കോളേജിന്റെ ഭാഗമായി നല്ല നിലയിൽ പ്രവർത്തിച്ചു വരികയുമായിരുന്നു. ആദ്യം താലൂക്കാശുപത്രി മെഡിക്കൽ കോളേജിന്റെ ഭാഗമാക്കി മാറ്റാൻ തീരുമാനിച്ചപ്പോൾ സൗജന്യ ചികിൽസ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുമോ എന്ന ഉത്കണ്ഠ ജനങ്ങൾക്ക് ഉണ്ടായിരുന്നു. എന്നാൽ മെഡിക്കൽ കോളേജിന്റെ ഭാഗമാക്കി മാറ്റപ്പെട്ടപ്പോൾ നല്ല നിലയിലുള്ള ചികിൽസ തന്നെയാണ് പാവപ്പെട്ടവർക്ക് ലഭിക്കുന്നത്. താലൂക്കാശുപത്രിയിലുള്ള ചികിൽസോപകരണങ്ങൾ മെഡിക്കൽ കോളേജിന്റെ ഭാഗമാക്കി മാറ്റിയ പശ്ചാത്തലത്തിൽ അതെല്ലാം പഴയതാണ് എന്നു പറഞ്ഞുകൊണ്ട് അത് കണ്ടം ചെയ്യുന്ന നിലയുണ്ടായി. പുതിയ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. ആദ്യം ഞാൻ പറഞ്ഞതുപോലെ നല്ല ചികിൽസ തന്നെ അവിടെ ലഭിക്കുകയും ചെയ്തു. എന്നാൽ കഴിഞ്ഞ 16-ാം തീയതി പരിയാരം മെഡിക്കൽ കോളേജിന്റെ ഭാഗമാക്കി മാറ്റപ്പെട്ട തളിപ്പറമ്പ് താലൂക്കാശുപത്രിയെ സ്വതന്ത്രമാക്കുകയു താലൂക്കാശുപത്രിയായി പ്രവർത്തിപ്പിക്കാൻ അനുവദിക്കുകയും ചെയ്തിരിക്കുകയാണ്. പത്തുപതിനഞ്ചു ഡോക്ടർമാരുടെ സേവനം ലഭിച്ച പരിയാരം മെഡിക്കൽ കോളേജിന്റെ ഭാഗമായി പ്രവർത്തിച്ചിരുന്ന പ്രസ്തുത താലൂക്കാശുപത്രിയിൽ ഇപ്പോൾ യാതൊരു സംവിധാനവുമില്ല. അവിടെ സൗകര്യങ്ങളേർപ്പെടുത്തുന്നതിനുമുമ്പ് അവരെല്ലാംതന്നെ പഴയ ലാവണത്തിലേക്ക് തിരിച്ചു പോവുകയാണ് ചെയ്തിട്ടുള്ളത്. പത്തു ഡോക്ടർമാരുടെ സേവനം താലൂക്കാശുപത്രിയിൽ ഇതിനുമുമ്പ് ലഭിച്ചതായിരുന്നു. ഇന്ന് രാവിലെ അവിടെ നിന്നു കിട്ടിയിട്ടുള്ള വിവരം രണ്ട് ഡോക്ടർമാർ മാത്രമാണ് ഇന്നലെ അവിടെ ഉണ്ടായിരുന്നത്. ഒ.പി. മാത്രമേ നടക്കുന്നുള്ളു. 400-ഓളം കിടക്കകളുണ്ട്. മലയോരമേഖലയിലെ ആകെ, ആ പ്രദേശത്തെ മുഴുവൻ ജനങ്ങളുടേയും ഏക ആശ്രയമായി പ്രവർത്തിച്ചിരുന്ന ഈ താലൂക്കാശുപത്രിയുടെ പ്രവർത്തനം വളരെ പരിതാപകരമായ ഒരവസ്ഥയിലാണ് ഇപ്പോൾ ഉള്ളത്. പഴയ താലൂക്കാശുപത്രിയുടെ ഉപകരണങ്ങൾ മുഴുവൻ കണ്ടം ചെയ്ത് മാറ്റുകയും മെഡിക്കൽ കോളേജിന്റെ ഭാഗമായി ഉണ്ടായിരുന്ന ഉപകരണങ്ങൾ മുഴുവൻ തിരിച്ചു കൊണ്ടു പോകാൻ വേണ്ടി ശ്രമം നടത്തുകയും ചെയ്തപ്പോൾ നാട്ടുകാർ ഇടപെട്ട് തൽക്കാലത്തേക്ക് ചില ഉപകരണങ്ങൾ മാറ്റാൻ അനുവദിക്കാത്ത നിലയിലായിട്ടുണ്ട്. അതുകൊണ്ട് അടിയന്തിരമായി ഡോക്ടർമാരേയും അതുപോലെതന്നെ അത്യാവശ്യം വേണ്ട ജീവനക്കാരേയും മറ്റു ആളുകളേയും നിയമി

LIBRARY ARCHIVES Kerala Legislative Assembly